ഉത്തരം

(എ) 1999-നു ശേഷം, ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ നിരാക്ഷേപ പത്രമില്ലാത്ത ചന്ദന ഫാക്ടറികൾക്ക് ലൈസൻസ് പുതുക്കാൻ പാടില്ലായെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വനം വകുപ്പിന്റെ നിരാക്ഷേപ പത്രം നൽകാത്തതുകാരണം ഹൈക്കോടതിയിൽ സമീപിച്ച ഫാക്ടറികൾ താഴെ പറയുന്നവയാണ്:

1. വാളയാർ റൂറൽ ഇൻഡസ്ട്രീസ്, വാളയാർ.
2. റോയൽ പെർഫ്യൂമറീസ്.
3. വുഡ്ലൈൻ ഇൻഡസ്ട്രീസ്.
4. വീനസ് ഇൻഡസ്ട്രീസ്.
5. സൗത്ത് ഇൻഡ്യൻ പെർഫ്യൂമറീസ്.
6. മലബാർ റൂറൽ ഇൻഡസ്ട്രീസ്, മയ്യിൽ.

മറയൂരിലെ ചന്ദനമരങ്ങളും ചന്ദനക്കള്ളക്കടത്തും

101 [T 1819] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കണക്കനുസരിച്ച് മറയൂർ പ്രദേശത്ത് എത്ര ചന്ദനമരങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ചന്ദനക്കള്ളക്കടത്തുമായി ബന്ധപ്പെട്ട് എത്രകേസുകൾ കഴിഞ്ഞ അഞ്ചു വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്ര കേസുകളിൽ കുറ്റപത്രം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) എത്ര കിലോ ചന്ദനത്തടി പിടിച്ചെടുത്തിട്ടുണ്ടെന്നും ഇതിന് എന്ത് വില വരും എന്നും വിശദമാക്കാമോ ;

(ഇ) ചന്ദനക്കടത്ത് കേസുമായി ബന്ധപ്പെട്ട പ്രതികളുടെയും വാഹനങ്ങളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ കണക്കെടുപ്പിൽ ഇപ്പോൾ 57846 മരങ്ങളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ജീവനക്കാർക്ക് പുറമേ മറയൂരിൽ ചന്ദനമരങ്ങളുടെ സംരക്ഷണത്തിനായി 2005 ഫെബ്രുവരി 14-ാം തീയതി മുതൽ ഒരു അസിസ്റ്റന്റ് കൺസർവേറ്റർ, 3 റേഞ്ചോഫീസർമാർ, 9 ഫോറസ്റ്റർമാർ, 30 ഫോറസ്റ്റ് ഗാർഡുമാർ ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് സംരക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്. പട്രോളിംഗ് നടത്തുന്നതിന് 24 പോലീസുകാർ ഉൾപ്പെടെയുള്ള റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. ചന്ദന റിസർവുകളിൽ മോഷണ സാദ്ധ്യതയുള്ള വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ ഏർപ്പെടുത്തിയും ജീവനക്കാരെ നിയോഗിച്ചും സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ചന്ദനക്കേസ്സുകളിൽ പ്രതികളെ പരമാവധി കണ്ടെത്തി കോടതിയിൽ ഹാജരാക്കിയും, വാഹനങ്ങൾ കണ്ടുകെട്ടിയും നടപടികൾ കൈക്കൊള്ളുന്നുണ്ട്. അനധികൃതമായി ചന്ദനം സൂക്ഷിക്കാൻ സാദ്ധ്യതയുള്ള ഫാക്ടറികളിലും മറ്റു സ്ഥലങ്ങളിലും നിരന്തരം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. മറയൂർ ആസ്ഥാനമാക്കി ഒരു സാന്റൽ ഫോറസ്റ്റ് ഡിവിഷൻ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ചന്ദനമരങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കി സമഗ്രമായ ഒരു കർമ്മ പദ്ധതി പൊതുജനങ്ങളിൽ തൽപ്പരരായവരും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആളുകളുമായി ചർച്ചചെയ്ത് രൂപീകരിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 1029 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 359 കേസുകളിൽ കുറ്റപത്രം നൽകിയിട്ടുണ്ട്.

(ഡി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 1273 ക്വിന്റൽ ചന്ദനത്തടി പിടിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ ഉദ്ദേശവില 430.79 ലക്ഷം രൂപയാണ്.

(ഇ) ചന്ദന കള്ളക്കടത്ത് കേസുമായി ബന്ധപ്പെട്ട പ്രതികളുടെയും വാഹനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	കേസ്സിലുൾപ്പെട്ട പ്രതികളുടെ എണ്ണം	അറസ്റ്റു ചെയ്ത പ്രതികളുടെ എണ്ണം	പിടിച്ചെടുത്ത വാഹനങ്ങൾ	കണ്ടുകെട്ടിയ വാഹനങ്ങൾ	ചാർജ്ജ് ചെയ്ത കേസുകൾ
2000	123	110	24	7	36
2001	363	274	48	13	54
2002	1140	486	85	70	147
2003	818	418	59	66	93
2004	614	318	44	28	29
ആകെ	3058	1606	260	184	359

LIBRARY ARCHIVES Kerala Legislative Assembly